LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വിദേശ രാജ്യങ്ങളിൽ വിവിധ സാഹചര്യങ്ങളിൽ മരണപ്പെടുന്നവരുടെ വിശദ വിവരങ്ങൾ സർക്കാരിൽ ലഭിക്കാറില്ല. വിദേശ രാജ്യങ്ങളിൽ ജോലി തേടിപ്പോയി വിവിധ സാഹചര്യങ്ങളിൽ മരണപ്പെട്ടവരുടെ 19-ഓളം കേസുകൾ ഈ സർക്കാരിന്റെ കാലയളവിൽ നോർക്ക റൂട്ട്സിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളതായി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചിട്ടുണ്ട്.

(ബി&സി) വിവിധ വിദേശ രാജ്യങ്ങളിൽ ജോലിക്കുപോയി അവിടെവച്ച് മരണപ്പെടുന്ന തൊഴിലാളികളുടെ ആനുകൂല്യങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് കൊണ്ട് നിവേദനങ്ങൾ ലഭിക്കുന്നുണ്ട്. ആയത് ഇന്ത്യൻ എംബസ്സിയുടെ ശ്രദ്ധയിൽകൊണ്ടുവന്ന് സർവ്വീസ് ആനുകൂല്യങ്ങളും മറ്റ് ആനുകൂല്യങ്ങളും വേഗത്തിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്.

(ഡി) ഇപ്രകാരം വിദേശരാജ്യങ്ങളിൽ മരണമടയുന്നവരുടെ ആശ്രിതർക്ക് സാന്ത്വന/ചെയർമാൻ ഫണ്ട് പദ്ധതിയിൻകീഴിൽ നിബന്ധനകൾക്ക് വിധേയമായി പരമാവധി ഒരു ലക്ഷം രൂപയും പ്രവാസി തിരിച്ചറിയൽ കാർഡ് ഉടമകളായ പ്രവാസികൾ അപകടത്തിൽ മരണപ്പെട്ടാൽ കുടുംബാംഗങ്ങൾക്ക് 2 ലക്ഷം രൂപയും ധനസഹായമായി നൽകിവരുന്നുണ്ട്.

നോർക്ക റൂട്ട്സിലെ നിയമന ക്രമക്കേടുകൾ

50 (5397) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2005-ൽ നോർക്ക റൂട്ട്സിൽ ജീവനക്കാരെ സ്ഥിരപ്പെടുത്തിയതിലെ ക്രമക്കേടുകൾ സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടന്നിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) വിജിലൻസ് അന്വേഷണം നടന്നിട്ടില്ല.